പ്രധാനപ്പെട്ട റോഡരികിലായി കുറഞ്ഞത് 4 ഏക്കർ സ്ഥലം സൗജന്യമായി കെ. എസ്. ആർ. ടി. സി.–ക്ക് മുൻകൂർ കൈമാറേണ്ടതാണ്. ഗ്യാരേജിനും, വർക്ക്ഷോപ്പിനും, ഓഫീസിനും ആവശ്യമായ കെട്ടിടങ്ങൾ, ശുദ്ധ ജലം, വൈദ്യുതി, ചുറ്റുമതിൽ, ടോയ്ലറ്റ്, വിശ്രമമുറി, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളോടുകൂടി കെ. എസ്. ആർ. ടി. സി.–ക്ക് നൽകേണ്ടതാണ്.

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള മോട്ടോർ വാഹനങ്ങൾ

117 [2254] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏറ്റവും അവസാനം രജിസ്റ്റർ ചെയ്തിട്ടുള്ള മോട്ടോർ വാഹനങ്ങളുടെ എണ്ണം എത്രയാണ്;

(ബി) ഇതിൽ ഓട്ടോറിക്ഷകളുടെ എണ്ണം എത്രയാണ്; പ്രൈവറ്റ് കാർ, ടാക്സി കാർ, ജീപ്പ്, ലോറി, ബസ്, ടെമ്പോ, ട്രക്കർ, ടാങ്കർ ലോറികൾ, ടൂറിസ്റ്റ് ബസ്സുകൾ തുടങ്ങിയവ ഓരോന്നും എത്രവീതം ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഓരോ വർഷവും മോട്ടോർ വാഹനങ്ങളുടെ നികുതിയിൽ നിന്നും സംസ്ഥാന സർക്കാരിന് കിട്ടുന്ന വരുമാനം എത്ര;

(ഡി) കെ. എസ്. ആർ. ടി. സി. എത്ര വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31-3-2005 വരെ 31.22 ലക്ഷം വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) (1) ഓട്ടോറിക്ഷ—3.21 ലക്ഷം
(2) പ്രൈവറ്റ് കാർ—4.28 ലക്ഷം
(3) ടാക്സി കാർ—0.99 ലക്ഷം
(4) ജീപ്പ്—0.72 ലക്ഷം
(5) ലോറി, ടെമ്പോ, ട്രക്കർ, ടാങ്കർ ലോറി } 1.73 ലക്ഷം
(6) ബസ് (സ്റ്റേജ് ക്യാരേജ്)—0.34 ലക്ഷം
ടൂറിസ്റ്റ് ബസ്സുകൾ (കോൺട്രാക്ട് ക്യാരേജ്)—0.62 ലക്ഷം

(സി) 2001-2002—3,85,84,94,768 രൂപ
2002-2003—4,20,98,89,717 ,,
2003-2004—4,87,13,16,535 ,,
2004-2005—5,03,22,68,966 ,, ലഭിച്ചിട്ടുണ്ട്.

(ഡി) 31-3-2005 വരെ കെ.എസ്.ആർ.ടി.സി. 12,356 ബസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly